# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**

**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7/1041/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 25/10/2025
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7/1041/2025 തീയ്യതി: 25/10/2025

## ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-12-2024 മുതൽ 18-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാജേഷ് സി. ഹരിബാൽ | ഡെപ്യൂട്ടി ഡയറക്ടർ | 19-08-2025 | 25-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-08-2025 | 25-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ റ്റി.എസ്.ധനജയൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ ഇ.വി.ജിബി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ എം.കെ.അഭിലാഷ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ആർ. സാമുവൽ രാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ അരുൺ മോഹൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷിബി എൽദോസ് | പ്രസിഡന്റ് | 01-04-2024 | 21-02-2025 |
| ശ്രീമതി ജാൻസി ജോഷി | പ്രസിഡന്റ് | 22-02-2025 | 31-03-2025 |
| ശ്രീ. പി.കെ.സതീഷ്കുമാർ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രിയ പീറ്റർ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ ജോസ് പ്രവീൺ സെബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 22-04-2024 |
| ശ്രീമതി ദിവ്യ കെ. നായർ | അസിസ്റ്റന്റ് എഞ്ചിനീയർ | 23-04-2024 | 31-03-2025 |
| ശ്രീ ഇ.കെ ഷാജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 18-10-2024 |
| ശ്രീ ജോഷി എം. മണി | അസിസ്റ്റന്റ് സെക്രട്ടറി | 19-09-2024 | 21-10-2024 |
| ശ്രീ എച്ച്. മഷൂദ് | അസിസ്റ്റന്റ് സെക്രട്ടറി | 22-10-2024 | 21-12-2024 |
| ശ്രീ എസ് അജിത് | അസിസ്റ്റന്റ് സെക്രട്ടറി | 22-12-2024 | 31-03-2025 |
| ഡോ. ജി.എം. അക്സ | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01-04-2024 | 26-09-2024 |
| ഡോ. സെബിൻ കുരുവിള | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 27-09-2024 | 31-03-2025 |
| ഡോ. സോണി സാം | മെഡിക്കൽ ഓഫീസർ (ആയുർവേദം)) | 01-04-2024 | 31-03-2025 |
| ഡോ. റ്റി.എ. അനിഷാദ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ശ്രീമതി സരിത കൃഷ്ണൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 28-11-2024 |
| ശ്രീ. ജെസ്ബിൻ തോമസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 29-11-2024 | 31-03-2025 |
| ശ്രീമതി കെ.എസ്. അജിത | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 14-05-2024 |
| ശ്രീമതി ഷിബുമോൾ മോഹനൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 15-05-2024 | 22-09-2024 |
| ശ്രീമതി കെ.ജെ ജോമോൾ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 23-09-2024 | 31-03-2025 |
| ശ്രീ എസ്. വിഷ്ണുരാജ് | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 01-04-2024 | 31-03-2025 |
| ശ്രീമതി ബെറ്റി കെ. പോൾ | ഹെഡ് മിസ്ട്രസ് , ഗവ. എൽ.പി. സ്കൂൾ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രികയോടൊപ്പം എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വാർഷികകണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ലഡ്ജറിൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമാകുന്നു. | 1-1-5 |
| 7 | തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | വായ്പത്തുക - ബി-5ഷെഡ്യൂൾ, ,ബി-16 ഷെഡ്യൂൾ എന്നിവയിലെ തുകകളിൽ വ്യത്യാസം | 1-1-8 |
| 10 | നീക്കിയിരിപ്പ് ഡെപ്പോസിറ്റ് വർക്ക് തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | ക്യാപിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ്സ് - പ്രവൃത്തികളുടെ പാർട്ട്ബിൽ തുക - ഉൾപ്പടുത്തിയിട്ടില്ല | 1-1-10 |
| 12 | റീക്കൺസിലേഷൻ - അപാകങ്ങൾ | 1-1-11 |
| 13 | Prior Period Item - അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ലഭ്യമാക്കിയില്ല | 1-1-12 |
| 14 | തൊഴിൽ നികുതി - വാർഷികധനകാര്യപത്രികയിലെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റിലെയും കണക്കുകൾ തമ്മിൽ ഗണ്യമായ വ്യത്യാസം. | 1-1-13 |
| 15 | വസ്തുനികുതി - വാർഷികകണക്കിലെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റിലെയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-14 |
| 16 | സ്ഥിരനിക്ഷേപത്തിന്റെ നീക്കിയിരിപ്പ് തുക കൃത്യമല്ല | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | ഗ്രാന്റ് വിനിയോഗം | 1-3 |
| 19 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ | 1-3-1 |
| 20 | ഗ്രാന്റ് - നിശ്ചിത ശതമാനം വിനിയോഗിച്ചില്ല - നഷ്ടം ₹11,51,169/- | 1-3-2 |
| 21 | പദ്ധതി അവലോകനം | 1-4 |
| 22 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 23 | ക്ഷേമപെൻഷനുകൾ | 1-6 |
| 24 | ക്യാഷ് പരിശോധന | 1-7 |
| 25 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 26 | തനതു ഫണ്ട് - ബാങ്ക് ബുക്കിലെയും ബാങ്ക് പാസ്സ് ബുക്കിലെയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-9 |
| 27 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല | 1-10 |
| 28 | സ്ഥിരനിക്ഷേപം - അപാകം | 1-11 |
| 29 | ജീവനക്കാർക്ക് നൽകിയ ഓണം അഡ്വാൻസ് പൂർണ്ണമായും തിരികെ ഈടാക്കിയില്ല. | 1-12 |
| 30 | ദിവസവേതനം അധികം നൽകി - നഷ്ടം ₹52,563/- | 1-13 |
| 31 | സാനിറ്ററി പാഡ് ഇൻസിനറേറ്റർ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിൽ അപാകങ്ങൾ | 1-14 |
| 32 | അങ്കണവാടി പോഷകാഹാരം - ചെലവ് രേഖകൾ പൂർണ്ണായും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - ₹1,12,148/- | 1-15 |
| 33 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ ചെലവ് രേഖകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - ₹3,85,792/-തടസ്സപ്പെടുത്തുന്നു | 1-16 |
| 34 | പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - സാക്ഷ്യപത്രമില്ലാതെ ധനസഹായം അനുവദിച്ചു - ₹25,000/- തടസ്സപ്പെടുത്തുന്നു | 1-17 |
| 35 | കുഴൽക്കിണർ - മോട്ടോർ സ്ഥാപിക്കലും അനുബന്ധപ്രവൃത്തികളും - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ₹28,859/- നിരാകരിക്കുന്നു. ₹12,39,141/- തടസ്സപ്പെടുത്തുന്നു. | 1-18 |
| 36 | ഭവനപുനരുദ്ധാരണം - പ്രവൃത്തി പൂർത്തീകരിച്ചില്ല - ₹75,000/-തടസ്സപ്പെടുത്തുന്നു | 1-19 |
| 37 | ലൈഫ് ഭവനപദ്ധതി - ധനസഹായം കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം മുടങ്ങുന്നു. | 1-20 |
| 38 | തൊഴിലുറപ്പ് പദ്ധതി- റോഡ് കോൺക്രീറ്റിംഗ് - ഉയർന്ന നിരക്ക് നൽകുന്നു. | 1-21 |
| 39 | ആശ്രയപദ്ധതി - ഫണ്ട് വിനിയോഗിച്ചില്ല | 1-22 |

| | | |
|---|---|---|
| 40 | കെ.എസ്.ഇ.ബി. - നിക്ഷേപപ്രവൃത്തി പൂർത്തികരിച്ചില്ല - ₹7,00,000/- - തടസ്സപ്പെടുത്തുന്നു | 1-23 |
| 41 | ജൽജീവൻ മിഷൻ പദ്ധതി - അവലോകനം | 1-24 |
| 42 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ദിവസവേതനം അധികം നൽകി - നഷ്ടം ₹52,563/- | 3-1 |
| 2 | കുഴൽക്കിണർ - മോട്ടോർ സ്ഥാപിക്കലും അനുബന്ധപ്രവൃത്തികളും - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ₹30,927/- നിരാകരിക്കുന്നു | 3-2 |
| ഭാഗം **4** | | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച് പരിശോധന | 4-1 |
| 2 | സംയുക്തപദ്ധതികൾ | 4-2 |
| 3 | നിക്ഷേപപ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പയുടെ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994 – ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 215(4) പ്രകാരം, 2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാനഗവൺമെന്റ്/കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.05.2025 – ലെ 4 (1) -ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം തയ്യാറാക്കി 26.07.2025 – ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31 – ന് അവസാനിച്ച വർഷത്തിലെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 – ലെ ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തികപ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തികപ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തികപ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധറിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധറിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി വെള്ളത്തൂവൽ ഗ്രാമപ്പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വാർഷികസാമ്പത്തികപ്രസ്താവനകൾ സാമ്പത്തികഫലത്തെക്കുറിച്ചും സാമ്പത്തികനിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
24.10.2025

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷികധനകാര്യപത്രികയോടൊപ്പം എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

2011 - ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ്, റൂൾ 62(2)(ഇ), (എഫ്) എന്നിവ പ്രകാരം, വാർഷികധനകാര്യപത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായറിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ പത്രികയിലെ 'Net Increase/(Decrease) In Cash And Cash Equivalents' -ൽ രേഖപ്പെടുത്തിയ തുകയും (₹1,58,31,348/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' – ൽ രേഖപ്പെടുത്തിയ തുകയും (₹-35,83,668/-) തുല്യമല്ല.

### 1-1-3 വാർഷികകണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി, വാടക എന്നീയിനങ്ങളുടെ വാർഷികകണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും പൊരുത്തപ്പെടുന്നില്ല.

**1-1-4 ലഡ്ജറിൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തേണ്ടതാണെങ്കിലും സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. 31.03.2025 – ൽ മാത്രമാണ് ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയത്. സ്ഥാപനതൊഴിൽ നികുതിയുടെ എൻട്രികളും അപ്രകാരം തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

**1-1-5 അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമാകുന്നു.**

അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ തുക, ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമാകുന്നതായി വാർഷികധനകാര്യപത്രിക പരിശോധിച്ചപ്പോൾ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആസ്തി ഇനം | ആസ്തി തുക (₹) | ഡിപ്രീസിയേഷൻ (₹) |
|---|---|---|
| അദർ ഫിക്സഡ് അസറ്റ്സ് | 12,66,210/- | 54,11,290/- |
| വാട്ടർവേയ്സ് | 0 | 14,64,619/- |

**1-1-6 തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല**

എല്ലാ ആസ്തികൾക്കും ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയ ഇനങ്ങളുടെ സംഗതിയിൽ, വർക്ക്ഷീറ്റ് ലഭ്യമാക്കാത്തതിനാൽ തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല.

**1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല**

26.07.2011 – ലെ സ.ഉ.(കൈ)നം.152/2011/ത.സ്വ.ഭ.വ. – ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01.04.2023 – ൽ മുന്നിരിപ്പുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷികകണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധരേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിരആസ്തി, ഉൽപാദനമേഖല ആസ്തി, സേവനമേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപനആസ്തി, വിട്ടുകിട്ടിയ സ്ഥാപനആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖലകളിലായുള്ള 31.03.2024 – ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-8 വായ്പത്തുക – ബി-5ഷെഡ്യൂൾ, ,ബി-16 ഷെഡ്യൂൾ എന്നിവയിലെ തുകകളിൽ വ്യത്യാസം**

ഷെഡ്യൂൾ ബി-5 – ലെ തുക ₹2,94,02,213/- – യും ഷെഡ്യൂൾ ബി-16 – ലെ തുക ₹2,60,46,727/- – യുമാണ്. ₹33,55,406/- – യുടെ വ്യത്യാസം നിലനിൽക്കുന്നു.

**1-1-9 നീക്കിയിരിപ്പ് ഡെപ്പോസിറ്റ് വർക്ക് തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല**

വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയിൽ ₹19,68,000/-, വിവിധ ഏജൻസികളിൽ ചെലവഴിക്കാതെ നിലനിൽക്കുന്നു. പ്രസ്തുത തുകയുടെ വിവരം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18-ൽ പ്രതിഫലിക്കുന്നില്ല.

**1-1-10 ക്യാപിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ്സ് – പ്രവൃത്തികളുടെ പാർട്ട്ബിൽ തുക – ഉൾപ്പെടുത്തിയിട്ടില്ല**

തൻവർഷം 10 പൊതുമരാമത്ത് പ്രവൃത്തികളിലായി ₹55,11,360/- പാർട്ട് ബില്ല് നൽകിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ Capital Work-In-Progress എന്ന ശീർഷകത്തിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.

**1-1-11 റീക്കൺസിലേഷൻ – അപാകങ്ങൾ**

**1. റീക്കൺസിലേഷൻ പത്രികയിലെ അപാകം.**

| അക്കൗണ്ട് നം. | ഫണ്ടിനം | 31.03.2025 – ലെ നീക്കിയിരിപ്പ് (₹) | | റീൺസിലേഷൻ പത്രികയിലെ രേഖപ്പെടുത്തലുകൾ (₹) | |
|---|---|---|---|---|---|
| | | വാർഷികകണക്ക് പ്രകാരം | ബാങ്ക് സ്റ്റേറ്റ്മെന്റ് | ക്യാഷ് ബുക്ക് | ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 39206529261 | ജലനിധി | 2,19,075/- | 2,14,768/- | 2,14,768/- | 2,14,768/- |

**2. റീക്കൺസിലേഷൻ ഇല്ലാത്തത്.**

| അക്കൗണ്ട് നം. | ഫണ്ടിനം | വാർഷികകണക്ക് | ബാങ്ക് സ്റ്റേറ്റ്മെന്റ് |
|---|---|---|---|

| | | | |
|---|---|---|---|
| | | പ്രകാരം 31.03.2025 – ലെ നീക്കിയിരിപ്പ് | |
| 33062899545 എസ്.ബി.ഐ. | എം.എൽ.എ. ഫണ്ട് | 2,453/- | ലഭ്യമല്ല |
| Co-Operative Bank Account Of Own Revenue Fund | തനത് ഫണ്ട് | (-)93,630/- | ലഭ്യമല്ല |
| Nationalised Bank Account Of Own Revenue Fund | തനത് ഫണ്ട് | 6,024/- | ലഭ്യമല്ല |

**1-1-12 Prior Period Item – അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ലഭ്യമാക്കിയില്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ഷെഡ്യൂൾ(I-18, I-19) പ്രകാരം, "190000000-Prior Period Income", "290000000-Prior Period Expenditure" എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ, ജേണൽ വൗച്ചർ മുഖേന എഴുതിത്തള്ളിയ തുകകൾക്കും വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചില്ല.

| ഷെഡ്യൂൾ | ശീർഷകം | 31.03.2025 – ലെ ലെഡ്ജർ ബാക്കി (₹) |
|---|---|---|
| ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18 | 290600499 – Prior Period Expenses – Remission And Refund – Other Incomes | 23,695/- |
| | 290800301 – Prior Period Expenses – Opertations And Maintanance Expenses | 34,40,454/- |
| | 290800701-Prior Period Expenses – Miscellaneous Expenses | 1,30,197/- |
| ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19 | 190100101 – Prior Period Income – Propoerty Tax | (-)5,156/- |

**1-1-13 തൊഴിൽ നികുതി – വാർഷികധനകാര്യപത്രികയിലെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റിലേയും കണക്കുകൾ തമ്മിൽ ഗണ്യമായ വ്യത്യാസം.**

ട്രേഡേഴ്സ് & ഇൻസ്റ്റിറ്റ്യൂഷൻസ് – ന്റെ 2024-2025 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി കണക്കുകൾ വാർഷികധനകാര്യപത്രികയിലും ഡി.സി.ബി. രജിസ്റ്ററിലും ഗണ്യമായി വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡി.സി.ബി. രജിസ്റ്റർ പ്രകാരം (₹) | | | വാർഷികധനകാര്യപത്രിക പ്രകാരം (₹) | | |
|---|---|---|---|---|---|
| ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| 6,82,330/- | 9,27,310/- | 0 | 6,82,330/- | 6,71,930/- | 0 |

തുകയിലെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/21.08.2025) മറുപടി നൽകിയില്ല. രജിസ്റ്റർ പ്രകാരമുള്ള തുക വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

**1-1-14 വസ്തുനികുതി – വാർഷികകണക്കിലെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റിലെയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.**

2024-2025 സാമ്പത്തികവർഷത്തെ വസ്തുനികുതിയുടെ കണക്കുകൾ ഡി.സി.ബി. സ്റ്റേറ്റ്മെന്റിലും വാർഷികധനകാര്യപത്രികയിലും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗം | ഡി.സി.ബി. സ്റ്റേറ്റ്മെന്റ് (സഞ്ചയ) പ്രകാരം (₹) | | | വാർഷികധനകാര്യപത്രിക പ്രകാരം (₹) | | |
|---|---|---|---|---|---|---|
| | ഡിമാന്റ് (₹) | കളക്ഷൻ (₹) | ബാലൻസ് (₹) | ഡിമാന്റ് (₹) | കളക്ഷൻ (₹) | ബാലൻസ് (₹) |
| പാർപ്പിടം | 39,15,741/- | 38,92,797/- | - | 37,21,974/- | 36,92,668/- 6,039/- (Adv.Collection) | - |
| പാർപ്പിടേതരം | 1,24,38,986/- | 1,24,57,766/- | - | 1,18,28,979/- | 1,18,44,174/- 31,163/- (Adv.Collection) | - |

തുകകളുടെ വ്യത്യാസത്തിന് വിശദീകരണം തേടിക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/21.08.2025) നൽകിയെങ്കിലും മറുപടി നൽകിയില്ല. രജിസ്റ്റർ പ്രകാരമുള്ള തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്

### 1-1-15 സ്ഥിരനിക്ഷേപത്തിന്റെ നീക്കിയിരിപ്പ് തുക കൃത്യമല്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം, സ്ഥിരനിക്ഷേപത്തിന്റെ നീക്കിയിരിപ്പ് ₹42,50,008/- ആണ്. യഥാർത്ഥത്തിൽ ₹41,81,250/- മാത്രമാണ് ഗ്രാമപ്പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഉള്ളത്.

### 1-2 ബജറ്റ്

ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി 05.02.2024 – ലെ ഒന്നാം നമ്പരായി, മുന്നിരിപ്പ് ₹13,47,52,105/- – യും വരവ് ₹45,29,16,000/- – യും ചെലവ് ₹44,60,82,505/- – യും നീക്കിയിരിപ്പ് ₹14,15,85,600/- യും പ്രതീക്ഷിക്കുന്ന ബജറ്റ് തയ്യാറാക്കിയത് 07.02.2024 – ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ജനറൽ കമ്മിറ്റി പാസ്സാക്കി. 24.03.2025 – ലെ 1(6) നമ്പർ പ്രകാരം ജനറൽ കമ്മിറ്റി, പുതുക്കിയ ബജറ്റ് പാസ്സാക്കിയതിന്റെ വിവരങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| മുന്നിരിപ്പ് (₹) | 13,48,969/- |
| വരവ് (₹) | 42,84,29,000/- |
| ചെലവ് (₹) | 41,26,75,500/- |
| നീക്കിയിരിപ്പ് (₹) | 1,71,02,469/- |

### 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 0 | 2,51,21,000/- | 2,51,21,000/- | 2,29,10,647/- | 22,10,353/- |
| | എസ്.സി.പി. | 0 | 48,09,000/- | 48,09,000/- | 36,87,636/- | 11,21,364/- |
| | റ്റി.എസ്.പി. | 0 | 4,20,000/- | 4,20,000/- | 3,16,493/- | 1,03,507/- |
| സംരക്ഷണഗ്രാന്റ് | റോഡ് | 0 | 3,11,54,000/- | 3,11,54,000/- | 2,57,56,953/- | 53,97,047/- |
| | റോഡിതരം | 0 | 93,73,000/- | 93,73,000/- | 65,27,271/- | 28,45,729/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | ഉപാധിരഹിതം (320200104) | 13,24,278/- | 45,46,792/- | 58,71,070/- | 39,58,492/- | 19,12,578/- |
| | ഉപാധി (ഗ്രാന്റ്) (320200113 ) | 74,97,574/- | 86,02,222/- | 1,60,99,796/- | 41,34,549/- | 1,19,65,247/- |
| | ട്രഷറി | 0 | 36,26,314/- | 36,26,314/- | 36,26,314/- | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട് | ഐ.സി.ഡി.എസ്. (320100125) | 32,60,346/- | 10,83,283/- | 43,43,629/- | 43,43,629/- | 0 |
| | ടോട്ടൽ സാനിറ്റേഷൻ (320100181) | 38,053/- | 0 | 38,053/- | 0 | 38,053/- |
| | ഐ.സി.ഡി.എസ്. (320100196) | 0 | 17,05,743/- | 17,05,743/- | 14,59,399/- | 2,46,344/- |
| | ടോട്ടൽ സാനിറ്റേഷൻ (320300103) | 0 | 60,000/- | 60,000/- | 0 | 60,000/- |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | ശുചിത്വമിഷൻ (320100198) | 12,06,632/- | 0 | 12,06,632/- | 0 | 12,06,632/- |
| | സാക്ഷരത (320100197) | 3,17,476/- | 0 | 3,17,476/- | 0 | 3,17,476/- |
| | ജലനിധി (320300102) | 17,768/- | 0 | 17,768/- | 0 | 17,768/- |
| കൈമാറി കിട്ടിയ വകുപ്പുകൾ | കൃഷി (320200201) | 45,000/- | 0 | 45,000/- | 0 | 45,000/- |
| | ഫിഷറീസ് (320200203) | 32,224/- | 0 | 32,224/- | 0 | 32,224/- |
| | സാമൂഹ്യനീതി (320200205) | 25,200/- | 0 | 25,200/- | 0 | 25,200/- |

| | | | | | | |
|---|---|---|---|---|---|---|
| | ആരോഗ്യം (320200206) | 4,273/- | 0 | 4,273/- | 0 | 4,273/- |
| | പട്ടികജാതി (320200213) | 17,252/- | 0 | 17,252/- | 0 | 17,252/- |
| | ആയുർവേദം (320200207) | 5,00,000/- | 0 | 5,00,000/- | 4,72,959/- | 27,041/- |
| | ഹോമിയോ (320200208) | 5,00,000/- | 0 | 5,00,000/- | 3,90,906/- | 1,09,094/- |
| മറ്റ് ഫണ്ടുകൾ | കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് വേണ്ടി ഫണ്ട് (320200299) | 29,073/- | 0 | 29,073/- | 0 | 29,073/- |
| | വെള്ളപ്പൊക്കദുരിതാശ്വാസഗ്രാന്റ് (320100192) | 47,000/- | 0 | 47,000/- | 0 | 47,000/- |
| | എം.എൽ.എ.ഫണ്ട്. (320200307) | 66,633/- | 0 | 66,633/- | 0 | 66,633/- |
| | പകർവ്യാധി നിയന്ത്രണം (320900102) | 4,000/- | 0 | 4,000/- | 0 | 4,000/- |
| | കേന്ദ്രഅവാർഡ് (320100105) | 1,10,000/- | 0 | 1,10,000/- | 0 | 1,10,000/- |
| | ഹെൽത്ത് ഗ്രാന്റ് - രോഗനിർണ്ണയ അടിസ്ഥാനസൗകര്യം (320100202) | 9,38,889/- | 4,02,811/- | 13,41,700/- | 4,25,477/- | 9,16,223/- |
| | മറ്റ് ബാധ്യതകൾ (320100999) | 0 | 4,00,173/- | 4,00,173/- | 173/- | 4,00,000/- |
| | ഹെൽത്ത് ഗ്രാന്റ് വെൽനസ് (320100204) | 3,34,349/- | 6,20,674/- | 9,55,023/- | 3,14,784/- | 6,40,239/- |
| | റവന്യൂ ഗ്രാന്റ് (320200399) | 1,00,180/- | 0 | 1,00,180/- | 0 | 1,00,180/- |
| | മറ്റ് ഗ്രാന്റ് (320100152) | 0 | 50,500/- | 50,500/- | 10,000/- | 40,500/- |
| | മറ്റ് ഗ്രാന്റ് (320300199) | 45,63,449/- | 1,72,000/- | 47,35,449/- | 0 | 47,35,449/- |

കുറിപ്പ് : ഉപാധിരഹിത ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവുതുകകൾ, ഗ്രാന്റ് സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല. വാർഷികകണക്കുകൾ പ്രകാരമുള്ള ചെലവ് വിവരമാണ് ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്നത്.

**1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ**

**1. സ്രോതസ്സിൽ നിന്നും കുറവ് വരുത്തുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തുന്നില്ല**

**വികസന ഫണ്ട് - പൊതുവിഭാഗം**

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക (₹) | കുറവ് വരുത്തിയ തുക (₹) & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക (₹) |
|---|---|---|---|---|
| 1 | സ.ഉ.(സാധാ)നം.1625/2025/ധന. തീയതി. 20.02.2025 | 83,73,600/- | 13,60,507/- (ലൈഫ് ഭവനവായ്പ തിരിച്ചടവ്) | 70,13,093/- |
| 2 | സ.ഉ.(സാധാ)നം.3510/2024/ധന. തീയതി. 19.04.2024 | 83,73,700/- | 17,95,800/- (അങ്കണവാടി ജീവനക്കാരുടെ വേതനം) | 65,77,900/- |
| 3 | സ.ഉ.(സാധാ)നം.9106/2024/ധന. തീയതി. 07.12.2024 | 83,73,000/- | 13,58,605/- (ലൈഫ് ഭവനവായ്പ തിരിച്ചടവ്) | 70,15,095/- |

**വികസന ഫണ്ട് - പട്ടികജാതിവിഭാഗം**

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക (₹) | കുറവ് വരുത്തിയ തുക (₹) & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക (₹) |
|---|---|---|---|---|
| 1 | സ.ഉ.(സാധാ) 1625/2025/ധന. തീയതി 20.02.2025 | 16,03,000/- | 2,36,878/- (ലൈഫ് ഭവനവായ്പ തിരിച്ചടവ്) | 13,66,122/- |
| 2 | സ.ഉ.(സാധാ) 9106/2024/ധനം. തീയതി 07.12.2024 | 16,03,000/- | 2,40,781/- (ലൈഫ് ഭവനവായ്പ തിരിച്ചടവ്) | 13,62,219/- |

**വികസന ഫണ്ട് - പട്ടികവർഗ്ഗവിഭാഗം**

| ക്രമ നം. | | അനുവദിച്ച തുക (₹) | കുറവ് വരുത്തിയ തുക (₹) & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക (₹) |
|---|---|---|---|---|
| 1 | സ.ഉ.(സാധാ)നം.1625/2025/ധന. തീയതി 20.02.2025 | 1,40,000/- | 6,226/- (ലൈഫ് ഭവനവായ്പ തിരിച്ചടവ്) | 77,274/- |

| | | | | |
|---|---|---|---|---|
| 2 | സ.ഉ (സാധാ)നം.9106/2024/ധന. തീയതി 07.12.2024 | 1,40,000/- | 60,487/- (ലൈഫ് ഭവനവായ്പ തിരിച്ചടവ്) | 79,513/- |

**2. വരവിൽ ഉൾപ്പെടുത്തിയിട്ടില്ല**

തൻവർഷം ഗ്രാമപ്പഞ്ചായത്തിന് ലഭിച്ച സംസ്ഥാനാവിഷ്കൃതഫണ്ട്, കേന്ദ്രാവിഷ്കൃതഫണ്ട് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-3-2 ഗ്രാന്റ് - നിശ്ചിത ശതമാനം വിനിയോഗിച്ചില്ല - നഷ്ടം ₹11,51,169/-**

15.07.2021 - ലെ സ.ഉ.(കൈ)നം.79/2021/ധന. പ്രകാരം, 2024-2025 സാമ്പത്തികവർഷം അനുവദിച്ച ഫണ്ടിന്റെ 80% - ൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം, അനുവദിച്ച തുകയുടെ പരമാവധി 20% മാത്രമേ അടുത്ത സാമ്പത്തികവർഷം ക്യാരി ഓവർ ചെയ്യാൻ അനുമതിയുള്ളൂ. അതിനാൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഗ്രാമപ്പഞ്ചായത്തിന് നഷ്ടമാകും.

| ഗ്രാന്റ് | അലോട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് (%) | 2025-2026 - ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | 2026-2027 - ൽ ലാപ്സാകുന്ന തുക (₹) |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് - റോഡിതരം | 93,73,000/- | 62,27,271/- | 28,45,729/- | 69.63 | 18,74,600/- | 9,71,980/- |

പട്ടികജാതി, പട്ടികവർഗ്ഗ ഫണ്ടുകളിൽ 80% ചെലവില്ലാത്തതിനാൽ കുറവ് വരുന്ന തുക അടുത്ത വർഷം വികസനഫണ്ട് - പൊതുവിഭാഗത്തിൽ നിന്ന് കുറവ് ചെയ്യുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | അലോട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് (%) | 2025-2026 - ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | 80% ചെലവില്ലാത്തതിനാൽ 2026-2027 - ൽ വികസനഫണ്ടിൽ നിന്ന് കുറവ് ചെയ്യുന്ന തുക (₹) |
|---|---|---|---|---|---|---|
| പട്ടികജാതി വിഭാഗം | 48,09,000/- | 36,87,636/- | 11,21,364/- | 76.68 | 9,61,800/- | 1,59,659/- |
| പട്ടികവർഗ്ഗ വിഭാഗം | 4,20,000/- | 3,16,493/- | 1,03,507/- | 75.35 | 84,000/- | 19,530/- |

നഷ്ടം വരുന്ന ആകെത്തുക - ₹9,71,980/-+₹1,59,659/-+₹19,530/- = ₹11,51,169/-

**1-4 പദ്ധതി അവലോകനം**

തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ് (₹) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം (%) |
|---|---|---|---|---|---|
| 322 | 27,62,88,624/- | 182 | 7,43,79,595/- | 140 | 56.52 |

എ. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം.

| നിർവഹണോദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം (%) |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 09 | 09 | 27,69,740/- | 19,45,090/- | 70.23 |
| വെറ്ററിനറി സർജൻ | 07 | 06 | 35,28,000/- | 34,10,000/- | 96.66 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 12 | 07 | 51,80,042/- | 30,46,812/- | 58.82 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01 | 01 | 2,00,000/- | 2,00,000/- | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 02 | 01 | 10,00,000/- | 5,00,000/- | 50.00 |
| സബ് ഇൻസ്പെക്ടർ ഫിഷറീസ് | 01 | 01 | 1,00,000/- | 15,000/- | 15.00 |
| ICDS സൂപ്പർവൈസർ | 14 | 13 | 94,58,874/- | 56,54,798/- | 59.78 |
| വി.ഇ.ഒ. | 27 | 10 | 14,37,97,309/- | 82,11,025/- | 05.71 |
| ക്ഷീരവികസന ഓഫീസർ | 2 | 2 | 2478722/- | 1046350/- | 42.21 |
| സെക്രട്ടറി | 62 | 25 | 2,76,87,940/- | 1,03,95,288/- | 37.54 |
| ഹെഡ്മാസ്റ്റർ | 05 | 02 | 4,16,349/- | 1,73,758/- | 41.73 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 170 | 98 | 7,73,55,648/- | 3,86,79,552/- | 50.00 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 07 | 23,16,000/- | 11,01,922/- | 47.58 |
| ആകെ | 322 | 182 | 27,62,88,624/- | 7,43,79,595/- | 26.92 |

ബി. മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം.

| മേഖല | പദ്ധതികളുടെ എണ്ണം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം (%) |
|---|---|---|---|---|
| ഉല്പാദനം | 25 | 1,16,56,462/- | 64,16,440/- | 55.05 |
| സേവനം | 173 | 21,47,13,897/- | 3,86,00,770/- | 17.98 |
| പശ്ചാത്തലം | 124 | 4,99,18,265/- | 2,93,62,385/- | 58.82 |
| ആകെ | 322 | 27,62,88,624/- | 7,43,79,595/- | 26.92 |

സി. പ്രത്യേകഘടക പദ്ധതിയുടെ ചെലവ് വിവരം.

| ഘടകം | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം (%) |
|---|---|---|---|---|---|
| വനിതാഘടക പദ്ധതി | 10 | 5 | 30,64,354/- | 7,92,699/- | 25.86 |
| കുട്ടികൾ | 10 | 7 | 20,21,269/- | 8,73,610/- | 43.22 |
| വൃദ്ധർ | 6 | 5 | 1,127,250/- | 8,52,127/- | 75.59 |
| ഭിന്നശേഷിക്കാർ | 2 | 1 | 2,25,000/- | 56,942/- | 25.31 |
| പാലിയേറ്റീവ് കെയർപദ്ധതി | 1 | 1 | 15,21,340/- | 14,40,023/- | 94.65 |
| അതിദരിദ്രർക്ക് മൈക്രോപ്ലാൻ | 3 | 2 | 9,75,000/- | 4,30,036/- | 44.11 |
| പ്രാദേശിക സാമ്പത്തികവികസനം | 3 | 3 | 27,42,000/- | 14,61,121/- | 53.29 |
| ആകെ | 13 | 10 | 1,16,76,213/- | 59,06,558/- | 50.59 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 355/- | 45,36,160/- | 45,36,515/- | 43,67,232/- | 1,69,283/- |
| തൊഴിലാളികൾക്ക് നേരിട്ട് നൽകുന്നത് | 0 | 7,71,14,337/- | 7,71,14,337/- | 7,71,14,337/- | 0 |

## 1-6 ക്ഷേമപെൻഷനുകൾ

തൻവർഷം വിവിധ ക്ഷേമപെൻഷനുകൾക്ക് ഗ്രാമപ്പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപെൻഷന്റെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 44,74,600/- | 282 |
| വിധവപെൻഷൻ | 1,16,30,400/- | 743 |
| വാർദ്ധക്യകാലപെൻഷൻ | 3,60,68,600/- | 2583 |
| വികലാംഗ പെൻഷൻ | 49,60,800/- | 310 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6,24,600/- | 41 |

## 1-7 ക്യാഷ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.08.2025- ന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, ക്യാഷ് ബാലൻസായ ₹14,928/-(പതിനാലായിരത്തി തൊള്ളായിരത്തി ഇരുപത്തി എട്ട് രൂപ മാത്രം) - യുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

**1. ഓഫീസ് സംവിധാനം.**

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ്ക്ലർക്ക്, അക്കൗണ്ടന്റ്, മൂന്ന് സീനിയർ ക്ലർക്കുമാർ, നാല് ക്ലർക്കുമാർ, ഓഫീസ് അസിസ്റ്റന്റ്, പാർട്ട് ടൈം സ്വീപ്പർ, ഒരു ഡ്രൈവർ, കരാറടിസ്ഥാനത്തിലുള്ള 5 ജീവനക്കാർ എന്നിവർ

ഉൾപ്പെടുന്നതാണ് ഓഫീസ് സംവിധാനം. ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു.

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**2. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്/ഭൗതിക പരിശോധന**

നികുതി – നികുതിയേതര വരവുകളുടെ രജിസ്റ്ററിൽ ഡി.സി.ബി. തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ആയത് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷികഭൗതിക പരിശോധനയും നടത്തുന്നില്ല. വായ്പ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി തയ്യാറാക്കിയിട്ടില്ല.

**3. ബജറ്റ്**

വാർഷികപദ്ധതി, ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്ന് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല. ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്.

**4. വാങ്ങൽ നടപടി ക്രമങ്ങൾ.**

വാങ്ങൽ നടപടി ക്രമങ്ങളിൽ കേരള ഫിനാൻഷ്യൽ കോഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള വാങ്ങൾ നടപടി ക്രമങ്ങൾ, സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവ പൂർണ്ണമായി പാലിക്കുന്നില്ല. ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്തിയതിനു ശേഷമല്ല വാങ്ങൽ നടപടികളിലേയ്ക്ക് കടക്കുന്നത്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 123, 124 എന്നിവ പ്രകാരം, ഓരോ സാമ്പത്തിക വർഷത്തിന്റെ അവസാനവും അടുത്ത സാമ്പത്തികവർഷത്തേക്ക് വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് മുൻകൂട്ടി നടത്തണമെന്നും അതനുസരിച്ച് ഇൻഡന്റ് തയ്യാറാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 08.11.2010 – ലെ സ.ഉ.(അ)നം.259/2010/ ത.സ്വ.ഭ.വ. – പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം, വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽത്തന്നെ നടത്തണം (2.3.(B). എന്നാൽ ഇത്തരം നടപടികൾ പാലിക്കുന്നില്ല.

**5. തനതു വരുമാനം**

വിനോദസഞ്ചാരത്തിന് പഞ്ചായത്ത് പ്രദേശത്ത് വിവിധ സാധ്യതകളുണ്ടെങ്കിലും അത് ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക സാമ്പത്തിക വികസനം നടത്തുന്നതിനും പഞ്ചായത്തിന് സാധിച്ചിട്ടില്ല. മൂന്നാർ വിനോദസഞ്ചാരമേഖലയിൽ ഉൾപ്പെട്ട പ്രദേശമാണ് ഗ്രാമപ്പഞ്ചായത്തിന്റെ കൂടുതൽ പ്രദേശവും എന്നതിനാൽത്തന്നെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്. ചെങ്കുളം ഡാമിന് സമീപത്തായി നിർമ്മിച്ചിരിക്കുന്ന ടേക്ക് എ ബ്രേക്കിന്റെ പണി പൂർത്തീകരിക്കാത്തതിനാൽ ആയത് നാളിതുവരെ ലേലം ചെയ്ത് കൊടുക്കാനായിട്ടില്ല.

**6. മോണിട്ടറിംഗ്**

വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല. പദ്ധതികളുടെ നിർവ്വഹണഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മേൽനിരീക്ഷണം നടത്തുന്നില്ലെന്നും പൂർത്തീകരണത്തിനുശേഷം വിലയിരുത്തുന്നതിൽ മോണിട്ടറിംഗ് സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നും രേഖകളിൽ നിന്ന് വ്യക്തമാകുന്നു.

**7. ക്യാഷ്, ബാങ്ക് നിയന്ത്രണം**

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തി സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നീക്കിയിരുപ്പ് പണം, ദീർഘകാലാടിസ്ഥാനത്തിൽ സ്ഥിരനിക്ഷേപം നടത്തിയതിനാൽ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് സാധിക്കാതെ വരുന്നു. ₹ 40 ലക്ഷം, 5 വർഷകാലയളവിൽ പഞ്ചായത്ത് ജീവനക്കാരുടെ സഹകരണസംഘത്തിൽ സ്ഥിരനിക്ഷേപം നടത്തിയിരിക്കുന്നു.

**8. ആസ്തി നിയന്ത്രണം ഫലപ്രദമല്ല**

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യവർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

**9. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ**

പദ്ധതിനിർവ്വഹണത്തിൽ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

**10. ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം**

1997 - ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ, ചട്ടം 15(2) പ്രകാരം, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ സ്ഥാപനം എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

**11. മരാമത്ത് പ്രവൃത്തികൾ**

പദ്ധതികൾ പൂർത്തിയാക്കുന്ന രീതിയിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. പ്രവൃത്തികളുടെ നിർവ്വഹണത്തിലൂടെ പൂർണ്ണമായ ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരുന്നതും മിക്ക പദ്ധതികളും സ്പിൽ ഓവർ ആകേണ്ടി വരുന്നതും ന്യൂനതയാണ്. പദ്ധതികളുടെ എണ്ണത്തിലെ ബാഹുല്യവും പഞ്ചായത്തിന്റെ വിസ്തൃതിയും പദ്ധതികളുടെ സയമബന്ധിതമായ നിർവ്വഹണത്തെ ബാധിക്കുന്നുണ്ട്. പദ്ധതികളുടെ ഫോർമാറ്റിൽ ക്രമ നമ്പർ.36, ആസ്തിയുടെ യുണീക് നമ്പർ രേഖപ്പെടുത്താനുള്ളതാണെങ്കിലും അത്തരം രേഖപ്പെടുത്തൽ നടത്തുന്നില്ല. മാത്രമല്ല ആസ്തിരജിസ്റ്റർ തയ്യാറാക്കി കാലികമാക്കിയിട്ടുമില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ തനത് ആസ്തിയിൽ തന്നെയാണോ നിർമ്മാണം നടത്തുന്നത് എന്ന് ഉറപ്പാക്കാനാവുന്നില്ല.

**1-9 തനതു ഫണ്ട് - ബാങ്ക് ബുക്കിലെയും ബാങ്ക് പാസ്സ് ബുക്കിലെയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു**

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് നിക്ഷേപത്തിനുള്ള എസ്.ബി.ഐ. – യുടെ വെള്ളത്തുവൽ ശാഖയിലുള്ള അക്കൗണ്ടിൽ നിന്ന് 01.04.2024 മുതൽ 31.06.2025 വരെ നടത്തിയ പിൻവലിക്കലുകളുടെ പരിശോധനയിൽ കണ്ടെത്തിയ വ്യത്യാസത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം./ബാങ്ക് പ്രകാരമുള്ള തീയതി | തുക | | റിമാർക്സ് |
|---|---|---|---|---|
| | | പാസ് ബുക്ക് (₹) | ബാങ്ക് ബുക്ക് (₹) | |
| 1 | 475831/16.06.2025 | 4,96,124/- | 1,05,636/- | |
| 2 | 475843/20.06.2025 | 79,501/- | 44,301/- | |
| 3 | 475844/20.06.2025 | 26,87,92/- | 1,10,321/- | |
| 4 | 475848/20.06.2025 | 1,04,399/- | 1,00,229/- | |
| 5 | 475849/20.06.2025 | 1,20,393/- | 98,095/- | |
| 6 | 475850/24.06.2025 | 6,06,284/- | 5,08,284/- | |
| 7 | 475852/26.06.2025 | 56,426/- | 52,256/- | |
| 8 | 475854/26.06.2025 | 69,336/- | 1,60,147/- | |
| 9 | 475855/26.06.2025 | 92,211/- | ഇല്ല | |
| 10 | 475856/30.07.2025 | ഇല്ല | 63,762/- | 75,066/- (ചെക്ക് കൗണ്ടർ ഫോയിൽ പ്രകാരം) |
| 11 | 475857/30.07.2025 | 29,597/- | 40,901/- | |
| 12 | 475859/30.07.2025 | 43,996/- | 43,446/- | |
| 13 | 475860/30.07.2025 | 55,120/- | 28,717/- | |
| 14 | 475861/30.07.2025 | ഇല്ല | ഇല്ല | 3,002/- (ചെക്ക് കൗണ്ടർ ഫോയിൽ പ്രകാരം) |
| 15 | 475862/ | 3,008/- | ഇല്ല | |
| 16 | 475863 | 6,284/- | ഇല്ല | |
| 17 | 475864 | - | - | 8,324/- (ചെക്ക് കൗണ്ടർ ഫോയിൽ പ്രകാരം) |
| 18 | 475865 | - | - | 16,596/- (ചെക്ക് കൗണ്ടർ ഫോയിൽ പ്രകാരം) |
| 19 | 475866 | 3,001/- | - | |
| 20 | 475867 | 1,504/- | - | |
| 21 | 475868 | 402/- | - | |
| 22 | 475869 | 3,142/- | - | |
| 23 | 475870 | 8,324/- | - | |
| 24 | 475871 | 8,298/- | - | |

| | | | | |
|---|---|---|---|---|
| 25 | 475872 | - | - | 19,008/-<br>(ചെക്ക് കൗണ്ടർ ഫോയിൽ പ്രകാരം) |
| 26 | 475873 | - | - | 32,471/-<br>(ചെക്ക് കൗണ്ടർ ഫോയിൽ പ്രകാരം) |
| 27 | 475874 | - | - | 6,897/-<br>(ചെക്ക് കൗണ്ടർ ഫോയിൽ പ്രകാരം) |
| 28 | 475876/06.08.2025 | 2,83,531/- | 1,24,581/- | |
| 29 | 475877/06.08.2025 | 65,026/- | 58,316/- | |
| 30 | 475879/06.08.2025 | 3,75,000/- | ഇല്ല | |
| 31 | 475880/ | 6,897/- | ഇല്ല | |
| 32 | 475881/06.08.2025 | 50,226/- | 44,226/- | |
| 33 | 475882/06.08.2025 | 1,22,159/- | 89,882/- | |
| 34 | 475884/06.08.2025 | 52,518/- | 46,654/- | |
| 35 | 475886/06.08.2025 | 28,741/- | - | |
| 36 | 475887/06.08.2025 | 1,33,451/- | 2,02,251/- | |
| 37 | 475888/29.07.2025 | 2,47,966/- | 1,72,966/- | |
| 38 | 475889 | 31,980/- | ഇല്ല | |
| 39 | 475890/06.08.2025 | 44,580/- | 21,730/- | |
| 40 | 475891 | 900/- | ഇല്ല | |
| 41 | 475892 | - | - | Check Issued Details Are Not Available |
| 42 | 475893 | - | - | Check Issued Details Are Not Available |
| 43 | 475894 | - | - | Cancelled |
| 44 | 475895 | - | - | Check Issued Details Are Not Available |
| 45 | 475896 | - | - | Check Issued Details Are Not Available |
| 46 | 475897 | - | - | Check Issued Details Are Not Available |
| 47 | 475898 | - | - | Check Issued Details Are Not Available |
| 48 | 475899 | - | - | Check Issued Details Are Not Available |
| 49 | 475900 | - | - | Check Issued Details Are Not Available |

2025-2026 സാമ്പത്തികവർഷത്തിൽ 22.05.2025 മുതൽ മാത്രമാണ് അക്കൗണ്ടിംഗ് വിവരങ്ങൾ 'കെ സ്മാർട്ടിൽ' ഉൾപ്പെടുത്തിയിരിക്കുന്നത്. യഥാസമയം ചെലവുകൾ അക്കൗണ്ട് ചെയ്യാത്തതുമൂലം തുക പിൻവലിച്ചതിന് ശേഷമുള്ള തീയതിയാണ് ബാങ്ക് ബുക്കിൽ ചെക്കിന്റെ തീയതിയായി ഉൾപ്പെടുത്തിയിരിക്കുന്നത്. 31.06.2025 വരെയുള്ള ബാങ്ക് പിൻവലിക്കലുകൾ മാത്രം പരിശോധിച്ചപ്പോൾ പോലും അതിന് ശേഷമുള്ള തീയതികളാണ് ചെക്കിന്റെ തീയതിയായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ പ്രതിമാസ റീകൺസിലിയേഷൻ 2025-2026 – ൽ നടത്തിയിട്ടില്ല. 475892 മുതൽ 475900 വരെയുള്ള ചെക്കുകൾ (475894 ഒഴികെ) ഇഷ്യൂ ചെയ്തതിന്റെ വിശദാംശങ്ങളും ചെക്ക് ബുക്ക് കൗണ്ടർ ഫോയിലിലോ ബാങ്ക് ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ അപാകങ്ങൾ സംഭവിക്കാനുണ്ടായ സാഹചര്യവും 475892 മുതൽ 475900 വരെയുള്ള ചെക്കുകൾ (475894 ഒഴികെ) ഇഷ്യൂ ചെയ്തതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.19/തീയതി. 23.08.2025) മറുപടി നൽകിയില്ല.

**1-10 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല**

വാർഷികധനവിവരപത്രികയിലെ ഷെഡ്യൂൾ ബി-7 പ്രകാരം, ഡെപ്പോസിറ്റ് ഇനത്തിൽ ₹24,94,342/- യുടെ നീക്കിയിരിപ്പ് ഉണ്ട്. ഈ തുകയിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഉൾപ്പെടെ വിവിധ ഇനങ്ങളിൽ 2015 വർഷം മുതലുള്ള ഡെപ്പോസിറ്റ് തുകകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്ന് വർഷത്തിന് മുമ്പുള്ള തുകകൾ കാലഹരണപ്പെട്ട് പോകുന്നതിനാൽ പ്രസ്തുത തുകകൾ കണ്ടെത്തി തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 സ്ഥിരനിക്ഷേപം - അപാകം

ഗ്രാമപ്പഞ്ചായത്തിൽ തൻവർഷാരംഭത്തിൽ ₹25,00,000/- - യുടെ സ്ഥിരനിക്ഷേപം ഉണ്ടായിരുന്നു. 26.10.2024 - ൽ ആർജ്ജിച്ച പലിശ ₹1,81,250/- ഉൾപ്പെടെ ആകെ ₹26,81,250/- സ്ഥിരനിക്ഷേപമായി വീണ്ടും പുതുക്കി(രസീത് നം.025/തീ.26.10.2024). 31.03.2025 - ൽ ₹68,758/- പലിശ ആർജ്ജിച്ചതായി ബാങ്കിൽ നിന്നും കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ₹27,50,008/- - യുടെ സ്ഥിരനിക്ഷേപം രേഖപ്പെടുത്തി ബാലൻസ് ഷീറ്റ് ബി-12 ഷെഡ്യൂൾ തയ്യാറാക്കി. യഥാർത്ഥത്തിൽ ₹68,758/- - യുടെ സ്ഥിരനിക്ഷേപം ഗ്രാമപ്പഞ്ചായത്തിന് ഇല്ല. ബാങ്കിൽ ആർജ്ജിച്ചിരിക്കുന്ന പലിശ സഹിതം ഉൾപ്പെടുത്തി സ്ഥിരനിക്ഷേപം ക്രമീകരിക്കേണ്ടതാണ്.

ഗ്രാമപ്പഞ്ചായത്തിലെ സ്ഥിരനിക്ഷേപം 60 മാസക്കാലയളവിലേക്കാണ് ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്ക് ഗ്രാമപ്പഞ്ചായത്തിന്റെ വിവിധ വികസനപദ്ധതികൾക്ക് ഉപകരിക്കാവുന്ന തുക തടസ്സപ്പെട്ട് കിടക്കുന്ന അവസ്ഥ സംജാതമാകുന്നതിന് ഇടയാകുന്നു. ആയതിനാൽ ചുരുങ്ങിയ കാലയളവിലേക്ക് നിക്ഷേപം മാറ്റുകയാണെങ്കിൽ തുക പദ്ധതി പ്രവർത്തനങ്ങൾക്ക് ഉപകാരപ്രദമാകുന്നതാണ്.

1996 - ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ, ചട്ടം-4 - ൽ പഞ്ചായത്തിന് ഏതൊരു മിച്ച ഫണ്ടും കേരള ഗവൺമെന്റ് സെക്യൂരിറ്റികളിലും ദേശീയസമ്പാദ്യപദ്ധതി ഉൾപ്പെടെയുള്ള ഭാരതസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സെക്യൂരിറ്റികളിലും ട്രഷറി ഡെപ്പോസിറ്റ് അക്കൗണ്ടുകളിലും അല്ലെങ്കിൽ ഓഡിറ്റ് തരം തിരിവിൽ 'ബി' യിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തിലെ സ്ഥിരനിക്ഷേപം, നെടുംകണ്ടം ഇടുക്കി ജില്ലാ പഞ്ചായത്ത് ജീവനക്കാരുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ആണ് നിക്ഷേപിച്ച് അഞ്ച് വർഷക്കാലാവധിയിൽ പുതുക്കിയിട്ടുള്ളത്. ആയതിനാൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ചട്ടപ്രകാരമുള്ള 'ബി' യിൽ കുറയാത്ത ഓഡിറ്റ് തരം തിരിവ് വ്യക്തമാക്കുന്ന രേഖ പരിശോധിച്ച് ഉറപ്പ് വരുത്തിയിരുന്നോ എന്ന് വ്യക്തമാക്കേണ്ടതും ആയതിന്റെ രേഖ ലഭ്യമാക്കേണ്ടതാണെന്ന് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.9/20.08.2025 - ന് മറുപടി നൽകിയില്ല. സ്ഥിരനിക്ഷേപം നടത്തുമ്പോൾ പ്രസ്തുത ബാങ്കിന്റെ ചട്ടപ്രകാരമുള്ള ക്ലാസ്സിഫിക്കേഷൻ ഉറപ്പാക്കാതെയാണ് നടത്തിയിട്ടുള്ളതെങ്കിൽ ആയത് ഗുരുതരമായ ചട്ടലംഘനമാണ്.

## 1-12 ജീവനക്കാർക്ക് നൽകിയ ഓണം അഡ്വാൻസ് പൂർണ്ണമായും തിരികെ ഈടാക്കിയില്ല.

| | |
|---|---|
| അനുവദിച്ച ഓണം അഡ്വാൻസ് (₹) | 1,40,000/- |
| വൗച്ചർ നമ്പർ/തീയതി | 22400567/12.09.2024 |
| നടപടി ക്രമം | 400535/FMFM34/General/2024/4289/തീ. 11.09.2024 |

മേൽ നമ്പർ വൗച്ചർ പ്രകാരം ഗ്രാമപ്പഞ്ചായത്തിലെ 7 ഉദ്യോഗസ്ഥർക്ക് ₹20,000/- വീതം ഓണം മുൻകൂർ നൽകിയിട്ടുണ്ട്. ഇതിൽ മൂന്നാർ ഗ്രാമപ്പഞ്ചായത്തിലേയ്ക്ക് 05.11.2024 - ൽ സ്ഥലം മാറിപോയ ക്ലർക്ക് ശ്രീ കപിൽ പി.എസ്. എന്ന ജീവനക്കാരനിൽ നിന്നും ₹16,000/- - യും മൂന്നാർ ഗ്രാമപ്പഞ്ചായത്തിലേയ്ക്ക് സ്ഥലം മാറിപോയ സീനിയർ ക്ലർക്ക് ശ്രീ റിജു എം.വി. എന്ന ജീവനക്കാരനിൽ നിന്നും ₹12,000/- - യും ചേർത്ത് ആകെ ₹28,000/- തിരികെ ഈടാക്കാനവശേഷിക്കുന്നു. ഈടാക്കാനവശേഷിക്കുന്ന മുൻകൂർ തുക സ്ഥലം മാറിപോയ ഗ്രാമപ്പഞ്ചായത്തിൽ നിന്നും നാളിതുവരെ തിരികെ ഈടാക്കിയില്ല. മുൻകൂർ തിരികെ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/22.08.2025) മറുപടി നൽകിയില്ല. ഈടാക്കാനവശേഷിക്കുന്ന മുൻകൂർ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 ദിവസവേതനം അധികം നൽകി - നഷ്ടം ₹52,563/-

ദിവസവേതനത്തിൽ ജോലി ചെയ്യുന്ന ശുചീകരണത്തൊഴിലാളികൾക്ക് (കാറ്റഗറി-1) 11.02.2021 - ലെ സ.ഉ.(പി)നം.29/2021/2021/ധന. പ്രകാരം ദിവസവേതനം ₹675/- എന്ന് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം ഈ ജോലിയിൽ ഏർപ്പെട്ട പഞ്ചായത്തിലെ താഴെ സൂചിപ്പിക്കുന്ന പ്ലാസ്റ്റിക്ക് ശേഖരിക്കുന്ന ജീവനക്കാരന് ഒരു ദിവസം ₹900/- എന്ന നിരക്കിൽ അധികം ദിവസവേതനം നൽകിയിരിക്കുന്നു.

| തൊഴിലാളിയുടെ പേര് | ബിൽ നം./തീയതി | വേതനം നൽകിയ മാസം | നൽകിയ വേതനം (₹) | നൽകാവുന്ന വേതനം ₹675/- നിരക്കിൽ | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|
| ശ്രീ രാമചന്ദ്രൻ പി.ജി. | 2324/03.05.2024 | 04/2024 | 17,100/-<br>19 X 900/- | 12,825/- | 4,275/- |
| | 2765/01.06.2024 | 05/2024 | 23,400/-<br>26 X 900/- | 17,750/- | 5,650/- |
| | 3268/03.07.2024 | 06/2024 | 20,250/-<br>22.5 X 900/- | 15,187/- | 5,063/- |
| | 3681/01.08.2024 | 07/2024 | 21,600/-<br>24 X 900/- | 16,200/- | 5,400/- |
| | 4109/02.09.2024 | 08/2024 | 12,600/-<br>14 X 900/- | 9,450/- | 3,150/- |
| | 4559/01.10.2024 | 09/2024 | 19,800/-<br>22 X 900/- | 14,850/- | 4,950/- |
| | 5074/02.11.2024 | 10/2024 | 22,500/-<br>25 X 900/- | 16,875/- | 5,625/- |
| | 5560/05.12.2024 | 11/2024 | 15,300/-<br>17 X 900/- | 11,475/- | 3,825/- |
| | 5924/06.01.2025 | 12/2024 | 24,300/-<br>27 X 900/- | 18,225/- | 6,075/- |
| | 467/04.02.2025 | 01/2025 | 16,200/-<br>18 X 900/- | 12,150/- | 4,050/- |
| | 931/03.03.2025 | 02/2025 | 18,000/-<br>20 X 900/- | 13,500/- | 4,500/- |
| അധികം നൽകിയ ആകെ വേതനം | | | | | 52,563/- |

സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ദിവസവേതനമിനത്തിൽ ₹52,563/- അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/22.08.2025) മറുപടി നൽകിയില്ല. ഈ ഇനത്തിൽ അധികം നൽകിയ തുക ₹52,563/- തിരികെ ഈടാക്കി തനത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-14 സാനിറ്ററി പാഡ് ഇൻസിനറേറ്റർ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിൽ അപാകങ്ങൾ

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 206/2025, സാനിറ്ററി പാഡ് ഇൻസിനറേറ്റർ വാങ്ങൽ |
| അടങ്കൽ (₹) | 1,40,000/-<br>(വികസന ഫണ്ട് - ജനറൽ) |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് (₹) | 1,13,240/- |
| ബിൽ റഫറൻസ് നമ്പർ/തീയതി | 241010520129015O3005/11.03.2025 |

സാനിറ്ററി പാഡ് ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. പദ്ധതി പ്രകാരം, തൊടുപുഴ RAIDCO യിൽ നിന്നും 04.03.2025 – ലെ RTZ/473/2024-25 – നം. ഇൻവോയിസ് പ്രകാരം, രണ്ട് സാനിറ്ററി പാഡ് ഇൻസിനറേറ്റർ വാങ്ങി പഞ്ചായത്ത് ഓഫീസ്, പി.എച്ച്.സി. എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

സർക്കാർ/എയിഡഡ് ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂൾ /വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണമനുസരിച്ച് കപ്പാസിറ്റിയുള്ള വെൻഡിംഗ് മെഷീനും നാപ്കിൻ ഡിസ്പോയറും നൽകുന്നതിനാണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022 -ലെ സ.ഉ.(കൈ)നം.115/2022/ ത.സ്വ.ഭ.വ., ഖണ്ഡിക നം.7.4.6 പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്. കൂടാതെ യു.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ, ടേക്ക് എ ബ്രേക്ക്, എന്നിവിടങ്ങളിൽ നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനാണ് പതിനാലാം പഞ്ചവൽസര പദ്ധതി മാർഗരേഖ പ്രകാരം നിർദ്ദേശിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണവകുപ്പിന്റെ 27.07.2020 – ലെ സ.ഉ.(സാധാ)നം.1401/2020/ത.സ്വ.ഭ.വ. പ്രകാരം ഗ്രാമപ്പഞ്ചായത്ത് ഓഫീസ് പരിസരത്തും നാപ്കിൻ വെൻണ്ടിംഗ് യൂണിറ്റുകൾ സ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.10.2023 – ലെ സ.ഉ.(സാധാ)നം.2107/2023/ത.സ്വ.ഭ.വ. – ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടർ നടപടികൾ കൂടാതെ സാനിറ്ററി പാഡ് ഇൻസിനറേറ്റർ വാങ്ങിയിരിക്കുന്നത്. എന്നാൽ സാനിറ്ററി പാഡ് ഇൻസിനറേറ്റർ പി.എച്ച്.സി. – യിൽ സ്ഥാപിക്കുന്നതിന് വ്യവസ്ഥയില്ല. സാനിറ്ററി പാഡ് ഇൻസിനറേറ്റർ വാങ്ങി പി.എച്ച്.സി. – യിൽ സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവുകളോ നിർദ്ദേശങ്ങളോ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/20.08.2025) നൽകിയ മറുപടിയിലെ ഉദ്ദേശ്യശുദ്ധിയെ മാനിക്കുന്നു. ഭാവിയിൽ സർക്കാർ ഉത്തരവുകൾ പാലിച്ച് പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-15 അങ്കണവാടി പോഷകാഹാരം - ചെലവ് രേഖകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - ₹1,12,148/-**

| | | |
|---|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 79/25, അങ്കണവാടി പോഷകാഹാരം | |
| അടങ്കൽ (₹) | 55,00,000/- | 37,00,000/- (വികസഫണ്ട് - ജനറൽ) |
| | | 15,00,000/- (കേന്ദ്രാവിഷ്കൃതപരിപാടി) |
| | | 3,00,000/- (ബ്ലോക്ക് വിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | |
| ചെലവ് (₹) | 1,12,198/- | |
| വൗച്ചർ നം./തീയതി | 2240611/25.09.2024 | |

2024-2025 വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഏറ്റെടുത്ത പദ്ധതികളിൽ ₹56,54,798/- യുടെ നിർവ്വഹണം നടത്തിയിട്ടുണ്ട്. ഇതിൽ മേൽ വൗച്ചർ പ്രകാരം ചെലവഴിച്ചിട്ടുള്ള ₹1,12,198/- ക്ക് ആധാരമായ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 22.08.2025 - ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 16 - ന് മറുപടി നൽകിയില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാതിരുന്നതിനാൽ ചെലവ് തുക ₹1,12,148/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-16 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ ചെലവ് രേഖകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - ₹3,85,792/-തടസ്സപ്പെടുത്തുന്നു**

തൻവർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ഏഴ് പദ്ധതികളിലായി ₹11,01,922/- ചെലവഴിച്ച് നിർവ്വഹണം നടത്തിയിട്ടുണ്ട്. താഴെ പറയുന്ന പദ്ധതികളുടെ എല്ലാ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം. | പദ്ധതി നം./പദ്ധതിയുടെ പേര് | ബിൽ നം./തീയതി | ചെലവ് തുക (₹) | റിമാർക്സ് |
|---|---|---|---|---|
